പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3429 — 14.03.2018 -ൽ മറുപടിക്ക്.

## വിശപ്പ് രഹിത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.ടി.ബൽറാം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഹോട്ടലുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിരുന്നോ ;<br>(ബി) എങ്കിൽ പ്രസ്തുത തീരുമാനം മാറ്റുവാനുണ്ടായ സാഹചര്യമെന്താണ്; വിശദമാക്കാമോ ; | (എ) & (ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നല്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണ് വിശപ്പ് രഹിത കേരളം പദ്ധതി. ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രാരംഭഘട്ടമെന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലായിരിക്കും പദ്ധതി ആദ്യം നടപ്പിലാക്കുക. |
| (സി) സ്വകാര്യ ഹോട്ടലുകളുമായി സഹകരിച്ച് അശരണർക്ക് ഉച്ചഭക്ഷണം നൽകുന്നതിന് പദ്ധതി പരിഗണിച്ചിരുന്നോ; എന്തുകൊണ്ടാണ് പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത് ; വ്യക്തമാക്കുമോ ; | (സി) ഇല്ല. |
| (ഡി) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള തുടർ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ; ഇതിനായി എന്ത് തുക 2018-19 ൽ നീക്കി വച്ചിട്ടുണ്ട് ; | (ഡി) 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 14 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് അടുത്ത സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) 2017-18 ലെ ബഡ്ജറ്റിൽ ഇക്കാര്യത്തിനായി നീക്കി വച്ച തുകയിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ? | (ഇ) 2017-18 ബഡ്ജറ്റിൽ ഇക്കാര്യത്തിനായി നീക്കിവച്ച 70 ലക്ഷം രൂപയിൽ 40,89,375/- രൂപ പ്രാരംഭഘട്ടമെന്ന നിലയിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് ആലപ്പുഴ ജില്ലയ്ക്ക് നല്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്കും പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം തന്നെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**